"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1507/2025-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-07-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## നോട്ടീസ്

(അനുബന്ധം- എച്ച് 4)

ശ്രീ സിദ്ദിഖ് പി എം, കെയർടേക്കർ (അനധികൃതാവധിയിൽ), ഗവ. ഒബ്സർവേഷൻ ഹോം തൃശ്ശൂർ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള 11.04.2025 ലെ ഇതേ നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക തൃശ്ശൂർ ഗവ. ഒബ്സർവേഷൻ ഹോം സൂപ്രണ്ട് 13.05.2025 തീയതിയിലെ GOH/TSR/23/15 നമ്പർ പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ടി കുറ്റപത്രം/കുറ്റാരോപണ പത്രിക താങ്കൾ കൈപ്പറ്റി ഒപ്പ് രേഖപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ/ കുറ്റപത്രത്തിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്കു വാങ്ങാവുന്നതാണ്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നും താങ്കൾക്ക് നൽകിയിരുന്ന കുറ്റപത്രം /കുറ്റാരോപണ പത്രിക എന്നിവ വകുപ്പിന്റെ വെബ്സൈറ്റായ **wcd.kerala.gov.in** ൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട് എന്നറിയിക്കുന്നു.

HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ**

Signed by
Haritha V Kumar
Date: 18-07-2025 16:51:40

ശ്രീ സിദ്ദിഖ് പി എം
കെയർടേക്കർ
ഗവ. ഒബ്സർവേഷൻ ഹോം, തൃശ്ശൂർ

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1507/2025-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 11-04-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

<u>കുറ്റപത്രം</u>

തൃശ്ശൂർ ഗവ. ഒബ്സർവേഷൻ ഹോമിലെ കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ സിദ്ദിഖ് പി എം -നെതിരായ കുറ്റപത്രം.

1. ശ്രീ സിദ്ദിഖ് പി എം എന്ന താങ്കള് ചുവടെ പറയുന്ന കുറ്റം ചെയ്തിരിക്കുന്നു.

വനിത ശിശു വികസന വകുപ്പിനു കീഴിൽ തൃശ്ശൂർ ഒബ്സർവേഷൻ ഹോമിൽ കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ KSR Part 1 APPENDIX XII A പ്രകാരം വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി 10.03.2006 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച താങ്കൾക്ക് രണ്ട് ഘട്ടങ്ങളിലായി 05.03.2021 വരെ അവധി ദീർഘിപ്പിച്ചു നൽകുകയും തുടർന്നും 5 വർഷത്തേയ്ക്കുകൂടി അവധി ദീർഘിപ്പിച്ചു നൽകുന്നതിന് താങ്കൾ അപേക്ഷിച്ചത് സർക്കാരിന്റെ പരിഗണനയ്ക്ക് നൽകുകയും ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ലെന്നും അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്ത് സർക്കാർ 10.02.2021 മുതൽ 09.02.2025 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത അവധി കാലയളവ് അവസാനിച്ചിട്ടും താങ്കൾ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതാണ്. അനധികൃതമായി അവധിയിൽ തുടരുകയും നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുക വഴി താങ്കൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിരിക്കുന്നു.

2. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം, 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിയ്ക്കാതിരിയ്ക്കുവാൻ[3] എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിയ്ക്കുവാൻ[3] താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക സമർപ്പിയ്ക്കുന്നതിന് ഈ വിവരം ലഭിച്ച തിയതി മുതൽ 15 ദിവസം അനുവദിയ്ക്കുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മറുപടി ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്കൊന്നും ബോധിപ്പിയ്ക്കുവാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാ[3]ൻ ആഗ്രഹിയ്ക്കുന്നുവോ എന്ന് കൂടി അറിയിക്കുവാൻ നിർദ്ദേശിയ്ക്കുന്നു. ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിയ്ക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിൻമേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിയ്ക്കേണ്ട അവസാന തിയതിയ്ക്ക് മുൻപുള്ള നിശ്ചയിക്കപ്പെടുന്ന ദിവസം ചുമതലപ്പെടുത്തുന്ന

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1507/2025-E5


വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 16-04-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534


<u>കുറ്റാരോപണപത്രിക</u>

വനിത ശിശു വികസന വകുപ്പിനു കീഴിൽ തൃശ്ശൂർ ഒബ്സർവേഷൻ ഹോമിൽ കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ KSR Part 1 APPENDIX XII A പ്രകാരം വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി 10.03.2006 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച സിദ്ദിഖ് പി എം രണ്ട് ഘട്ടങ്ങളിലായി 05.03.2021 വരെ അവധി ദീർഘിപ്പിച്ചു നൽകുകയും തുടർന്നും 5 വർഷത്തേയ്ക്കുകൂടി അവധി ദീർഘിപ്പിച്ചു നൽകുന്നതിന് ടിയാൻ അപേക്ഷിച്ചതിൻ പ്രകാരം അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്ക് നൽകുകയും ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ലെന്നും അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്ത് സർക്കാർ 10.02.2021 മുതൽ 09.02.2025 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത അവധി കാലയളവ് അവസാനിച്ചിട്ടും ശ്രീ സിദ്ദിഖ് പി എം നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതാണ്.

30.12.2020 ലെ 83/2020/ധന നമ്പർ സർക്കുലർ പ്രകാരം കേരള സർവ്വീസ് റൂൾ ഭാഗം 1 അനുബന്ധം 12 എ, 12 സി എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് ഒരു സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് പരമാവധി 5 വർഷമായിരിക്കുമെന്നും അവധി അവസാനിക്കുന്ന മുറയ്ക്ക് അഥവാ 5 വർഷത്തിനു ശേഷം തിരികെ ജോലിയ്ക്ക് ഹാജരാകാത്ത പക്ഷം കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 എ ചട്ടം 9/12സി ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് വഴി ശ്രീ സിദ്ദിഖ് പി എം കടുത്ത അച്ചടക്ക ലംഘനവും ഗുരുതരമായ കൃത്യവിലോപവും നടത്തിയിരിക്കുന്നതായി കണ്ട് ഇപ്രകാരം കുറ്റപത്രം നൽകുന്നു.

<u>കുറ്റപത്രത്തിനാധാരമായ രേഖകൾ</u>

- 30.12.2020 ലെ 83/2020/ധന നമ്പർ സർക്കുലർ.
- സ.ഉ(സാധാ)നം.57/2021/വശിവിവ തീയതി 08.10.2021

Signed by
Haritha V Kumar
Date: 16-04-2025 14:30:59

HARITHA V KUMAR
വനിത ശിശു വികസന ഡയറക്ടർ

ശ്രീ സിദ്ദിഖ് പി എം
കെയർടേക്കർ (അനധികൃതാവധിയിൽ)

ഗവ.ഒബ്സർവേഷൻ ഹോം, തൃശ്ശൂർ

(കാര്യാലയമേധാവി മുഖാന്തിരം)

(രണ്ട് പകർപ്പുകൾ രജി. വിത്ത് എഡി ആയി അയയ്ക്കുന്നു. ആയതിൽ ഒരു പകർപ്പിൽ ശ്രീ സിദ്ദിഖ് പി എം-ന്റെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്)